## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ . 2172

10/10/2011 -ൽ മറുപടിയ്ക്ക്

### കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ. എ.കെ.ശശീന്ദ്രൻ.

**മറുപടി**

ശ്രീ. പി .ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പിന് എന്തു തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | എ) | ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ 1941.3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ചീഫ് എഞ്ചിനീയർ പ്രോജക്ട് - 1ന്റെ കീഴിലുള്ള കുറ്റ്യാടി പദ്ധതിക്കുവേണ്ടി മലബാർ പാക്കേജിൽ രണ്ട് ഘട്ടങ്ങളിലായി 35 കോടി രൂപ അനുവദിച്ചു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മലബാർ പാക്കേജിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ 4039.60 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിൽ ഏതൊക്കെ പ്രവർത്തികളാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ; | ബി) | ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ കോഴിക്കോട് ജില്ലയിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ 30 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 5 പ്രവൃത്തികൾ പല കാരണങ്ങളാൽ ഉപേക്ഷിക്കുകയും, 15 പ്രവൃത്തികൾ പൂർത്തിയാക്കുകയും, 5 പവൃത്തികളുടെ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. സാങ്കേതിക തടസ്സങ്ങൾ മാറിയാലുടൻ 3 പ്രവൃത്തികളുടെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2 പ്രവൃത്തികൾ |

റീ ടെണ്ടർ ചെയ്തിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തിയ 4 പ്രവൃത്തികളിൽ 4 എണ്ണവും ടെണ്ടർ ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വടകര മുനിസിപ്പാലിറ്റി ശുദ്ധജല വിതരണ പദ്ധതിയുടെ .പുനരുദ്ധാരണം - 1000 ലക്ഷം രൂപ പദ്ധതിയുടെ പഴകിയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്നതിനായി 5 പാക്കേജുകൾ ആയി പ്രവൃത്തികൾ ടെണ്ടർ ചെയ്തു. അതിൽ ഒരു പാക്കേജിന്റെ ടെണ്ടർ അംഗികരിച്ച് കരാർ ഒപ്പു വച്ചു. മറ്റൊരു ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മറ്റു 3 പാക്കേജുകളുടെ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്തതുകാരണം ടെണ്ടർ റദ്ദാക്കുകയുണ്ടായി. റദ്ദാക്കിയ ടെണ്ടർ വീണ്ടും ടെണ്ടർ ചെയ്യാൻ ആവശ്യമായ നടപടികൾ നടന്നു വരുന്നു. കൂടാതെ പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. കുരക്കോട് കടവിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എയർ കുഷൻവാൽവ് സ്ഥാപിക്കൽ എന്നിവയ്ക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതിയുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 2500 ലക്ഷം രൂപ പദ്ധതിയുടെ ഭാഗമായി 6 പാക്കേജുകളിലായി പ്രവൃത്തികൾ ടെണ്ടർ ചെയ്തു. അതിൽ ഒരു പാക്കേജിന്റെ പ്രവൃത്തി ആരംഭിച്ചു. അധിക നിരക്ക് ക്വോട്ട് ചെയ്ത 3 ടെണ്ടറുകൾ റദ്ദാക്കി. മറ്റു രണ്ട് പാക്കേജുകൾ രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. 2010-ഷെഡ്യൂൾ ഓഫ് റെയ്റ്റ് പ്രകാരം 5 പാക്കേജുകളുടേയും എസ്റ്റിമേറ്റ് പുതുക്കുകയും അതു പ്രകാരം 3 പാക്കേജുകളുടെ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു, രണ്ട് പാക്കേജുകളുടെ പ്രവൃത്തികളുടെ ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നു വരുന്നു.

ഫറോക്ക് - കരുവൻതുരുത്തി വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധ

| | | | |
|---|---|---|---|
| | | | ജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ - 539.60 ലക്ഷം രൂപ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 60% പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>ചീഫ് എഞ്ചിനീയർ പ്രോജക്ട്- 1 ന്റെ കീഴിൽ കനാലിന്റെ ചോർച്ച തടയുന്നതിനുള്ള പ്രവൃത്തികളും കനാലിന്റെ മറ്റു അറ്റകുറ്റ പ്രവൃത്തികളും ഉൾപ്പെടെ 203 പ്രവൃത്തികളാണ് ആകെ മിർപ്പയുടെ ഭാഗമായിട്ടുള്ളത്. ഇതിൽ 107 പ്രവൃത്തികൾ പൂർത്തിയായി. 74 എണ്ണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 3 എണ്ണം റീ ടെണ്ടർ ചെയ്യണം. |
| സി) | ഇതുവരെയും ആരംഭിക്കാൻ സാധിക്കാത്ത പ്രവൃത്തികളുടെ പട്ടിക വെളിപ്പെടുത്തുമോ; | സി) | ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ആരംഭിക്കാൻ സാധിക്കാത്ത പ്രവൃത്തികളുടെ പട്ടിക **അനുബന്ധം- 1- ൽ ചേർക്കുന്നു.**<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഒന്നും തന്നെയില്ല.<br>ചീഫ് എഞ്ചിനീയർ പ്രോജക്ട്- 1ന്റെ കീഴിൽ 19 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| ഡി) | മേൽപ്പറഞ്ഞ പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | | ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ക്യാൻസൽ ചെയ്തവ ഒഴിച്ചുള്ള പ്രവൃത്തികൾ സാങ്കേതിക തടസ്സം മാറിയാലുടൻ ആരംഭിക്കുന്നതാണ്.<br><br>ചീഫ് എഞ്ചിനീയർ പ്രോജക്ട്- 1ന്റെ കീഴിൽ ഈ പ്രവൃത്തികൾ എത്രയും പ്പെട്ടെന്ന് തുടങ്ങാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| | പദ്ധതിയുടെ പേര് | അഭിപ്രായം |
|---|---|---|
| | തിരുവള്ളൂർ പഞ്ചായത്തിലെ എടച്ചേരിക്കുന്നിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ | സ്ഥലം ലഭ്യമാകുന്നമുറക്ക് ആരംഭിക്കുന്നതാണ് |
| 2 | കോഴിക്കോട് കോർപ്പറേഷനിൽ 54-ാം വാർഡിൽ എടക്കാട് തോടിന്റെ ആഴവും വീതിയും കൂട്ടൽ | സാങ്കേതികാനുമതി ലഭിക്കുന്നമുറക്ക് ആരംഭിക്കുന്നതാണ് |
| 3 | മൂടാടി പഞ്ചായത്തിലെ ചേക്കര പാടശേഖരത്തിലെ ഡ്രെയിനേജ് തോട് അഭിവൃദ്ധിപ്പെടുത്തൽ. | സാങ്കേതികാനുമതി ലഭിക്കുന്നമുറക്ക് ആരംഭിക്കുന്നതാണ് |
| 4 | ഓമശ്ശേരി പഞ്ചായത്തിലെ പോർഗോട്ടൂരിൽ ഇരുതുള്ളിപ്പുഴക്കു കുറുകെ വെന്റഡ് വെയർ നിർമ്മാണം | സാങ്കേതികാനുമതി ലഭിക്കുന്നമുറക്ക് ആരംഭിക്കുന്നതാണ് |
| 5 | കൂടരഞ്ഞി പഞ്ചായത്തിലെ 10-ാം വാർഡിൽ വഴിക്കടവ് തോടിൽ വി.സി.ബി നിർമ്മാണം | പ്രവർത്തി കാൻസൽ ചെയ്തതാണ് |
| 6 | മടവൂർ പഞ്ചായത്തിലെ ആനക്കുഴിയിൽ മൂന്നാംപുഴതോടിന് കൂട്ടുംപുറത്ത് ആർ.സി.ബി നിർമ്മാണം | പ്രവർത്തി കാൻസൽ ചെയ്തതാണ് |
| 7 | പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ വെണ്ണേരി പ്പുഴക്ക് കുറുകെ വിസിബി നിർമ്മാണം | പ്രവർത്തി കാൻസൽ ചെയ്തതാണ് |
| 8 | നടുവണ്ണൂർ പഞ്ചായത്തിലെ എടോത്തുതാഴെ പാലത്തിനു മുകൾഭാഗം എടോത്തുതാഴെതോടിന്റെ പുനരുദ്ധാരണം | പ്രവർത്തി കാൻസൽ ചെയ്തതാണ് |

9. കോഴിക്കോട് കോർപ്പറേഷനിലെ പള്ളിക്കൽ തോടിന്റെ നവീകരണം. - [illegible]

10. കാട്ടിപ്പാറ പഞ്ചായത്തിലെ ചാലിൽ തോടിന് കുറുകെയുള്ള വി.സി.ബിയുടെ നിർമ്മാണം